"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - മ്യൂസിയം - തമ്പാനൂർ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 681/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2181/2024/LSGD തീയതി,തിരുവനന്തപുരം, 13-11-2024**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15/02/2024 തീയതിയിലെ എ3/2179/2023/ടിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 1565/2024/ത.സ്വ.ഭ.വ, തീയതി 22/08/2024.
3. സ.ഉ.(സാധാ) നം. 7313/2024/ധന, തീയതി 03/10/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം - തമ്പാനൂർ റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം.979/12-29-ൽപ്പെട്ട 0.05 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻഉടമകളായ ശ്രീമതി പരമേശ്വരി അമ്മയും മറ്റുള്ളവരും ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 681/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,26,751/- രൂപ (അഞ്ചു ലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുന്നൂറ്റി അമ്പത്തിയൊന്ന് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 681/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,26,751/- രൂപ (അഞ്ചു ലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുന്നൂറ്റി അമ്പത്തിയൊന്ന് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3 ) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 5,27,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ മ്യൂസിയം - തമ്പാനൂർ റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം.979/12-29-ൽപ്പെട്ടതും ശ്രീമതി പരമേശ്വരി അമ്മ (പനവിള റോഡ്, തിരുവനന്തപുരം), ശ്രീമതി ശ്യമള കുമാരി (പനവിള റോഡ്, തിരുവനന്തപുരം), ശ്രീ. രാജൻ നായർ (പനവിള റോഡ്, തിരുവനന്തപുരം), ശ്രീ. വിക്രമൻ (പനവിള റോഡ്,

തിരുവനന്തപുരം) എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.05 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 681/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,26,751/- രൂപ (അഞ്ചു ലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുന്നൂറ്റി അമ്പത്തിയൊന്ന് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീമതി പരമേശ്വരി അമ്മ, ശ്രീമതി ശ്യാമള കുമാരി, ശ്രീ. രാജൻ നായർ, ശ്രീ. വിക്രമൻ എന്നിവർക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീമതി പരമേശ്വരി അമ്മ, പനവിള റോഡ്, തിരുവനന്തപുരം. (ജില്ലാ കളക്ടർ മുഖാന്തിരം).
ശ്രീമതി ശ്യമള കുമാരി, പനവിള റോഡ്, തിരുവനന്തപുരം, (ജില്ലാ കളക്ടർ മുഖാന്തിരം).
ശ്രീ. രാജൻ നായർ, പനവിള റോഡ്, തിരുവനന്തപുരം, (ജില്ലാ കളക്ടർ മുഖാന്തിരം).
ശ്രീ. വിക്രമൻ, പനവിള റോഡ്, തിരുവനന്തപുരം)(ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/178/024-Fin dated 16/10/2024).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/256 /2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 14-11-2024 12:59:30
സെക്ഷൻ ഓഫീസർ